(i) സി-ഡിറ്റിലെ ഹെൽപ്പറായ ശ്രീ. എൻ. മോഹൻകുമാറിനെതിരെ സഹപ്രവർത്തകനെ ദേഹോപദ്രവം ഏൽപ്പിച്ചു എന്ന ആരോപണത്തിൻമേൽ അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാനെ സർവീസിൽനിന്ന് സസ്പെന്റ് ചെയ്ത് വകുപ്പുതല അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(ii) ഓഫീസ് അസിസ്റ്റന്റായ ശ്രീ. ഭരത് തമ്പി അനധികൃതമായി ഓഫീസിൽ ഹാജരായില്ല എന്ന ആരോപണം അനുസരിച്ച് വകുപ്പുതല ശിക്ഷാനടപടിയുടെ ഭാഗമായി കുറ്റാരോപണ മെമ്മോനൽകി അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(iii) കരാർ ജീവനക്കാരനായ ശ്രീ. എ. ആർ. തമ്പിയെ സസ്പെന്റ് ചെയ്തു സാമ്പത്തിക തിരിമറിയും പണാപഹരണവും നടത്തിയത് സംബന്ധിച്ച ആരോപണത്തിൻമേൽ വകുപ്പുതല അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

കേരളാ ഹൗസിലെ അനധികൃത നിയമനം

72 (85) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡൽഹി കേരളാ ഹൗസിലെ അനധികൃത നിയമനം സംബന്ധിച്ച ഉദ്യോഗസ്ഥ തലത്തിൽ സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) റിപ്പോർട്ടിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ :

(ഡി) കേരളാ ഹൗസിലെ അനധികൃത നിയമനങ്ങൾക്ക് കാരണക്കാരായവരുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(ഇ) കേരളാ ഹൗസിലെ അനധികൃത നിയമനങ്ങൾ എന്നാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഇ) ചോദ്യം ഉദിക്കുന്നില്ല.

അർദ്ധസൈനിക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ

73 (86) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

അർദ്ധസൈനിക വിഭാഗത്തിൽപ്പെട്ടതും വിമുക്തഭടന്മാരുമായവർ വിവിധ വിഷയങ്ങൾ ഉന്നയിച്ചുനൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ?

ഉത്തരം

"ആൾ ഇൻഡ്യാ സെൻട്രൽ പാരാ മിലിട്ടറി ഫോഴ്സ് എക്സ്-സർവീസ്മെൻ വെൽഫെയർ അസോസിയേഷൻ സർക്കാരിൽ സമർപ്പിച്ച നിവേദനത്തിലെ വീട്ടുകരം അടയ്ക്കുന്നതിൽനിന്നും പാരാ മിലിട്ടറി വിഭാഗക്കാരെയും അവരുടെ വിധവകളെയും

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കുക, VAT ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ മുൻപ് പരിശോധിച്ചിട്ടുള്ളതും ആയത് ഒഴിവാക്കി നൽകാൻകഴിയില്ല എന്ന് യഥാക്രമം തദ്ദേശസ്വയംഭരണവകുപ്പും നികുതിവകുപ്പും അറിയിച്ചിട്ടുള്ളതുമാണ്. VAT സംബന്ധമായ കാര്യം പുന:പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബി.എസ്.എഫ്. ഡയറക്ടർ ജനറൽ നല്കിയ കത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ് നിലവിലുള്ള ആശ്രിത നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവ് പുന:പരിശോധിച്ച് കൊല്ലപ്പെട്ടതും മരിച്ചതുമായ അർദ്ധസൈനികരുടെ ആശ്രിതർക്കും നിയമനം ലഭിക്കത്തക്കവിധം ഭേദഗതി ചെയ്യണമെന്നുള്ള ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് സൈനികക്ഷേമ വകുപ്പ് അറിയിച്ചിട്ടുണ്ട്. വിമുക്തഭടന്മാരുടെ മക്കൾക്ക് നൽകിവരുന്ന പ്രൊഫഷണൽ കോഴ്സുകളിലുള്ള സീറ്റു സംവരണം ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അർദ്ധസൈനികർക്ക് നൽകണമെന്നുള്ള ആവശ്യം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. കഠിനമായ കായികക്ഷമത നിലനിർത്താനാകാതെ സ്വമേധയാ വിരമിച്ചുവരുന്ന അർദ്ധസൈനികർക്കും പുന:നിയമന സൗകര്യം ഏർപ്പെടുത്തണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

ശാസ്ത്ര ഗവേഷണ രംഗത്തെ നേട്ടങ്ങൾ സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നയം

74 (87) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര ഗവേഷണരംഗത്ത് കൈവരിക്കുന്ന നേട്ടങ്ങളും കണ്ടുപിടുത്തങ്ങളും സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നയം വിശദമാക്കുമോ ;

(ബി) ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങൾ സംസ്ഥാനത്തിനകത്ത് കൃഷിചെയ്യുന്ന കാര്യത്തിൽ സർക്കാരിന്റെ നയമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) ജൈവകൃഷിരീതി പ്രചരിപ്പിക്കുന്ന നയം സംസ്ഥാനം സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ പ്രൊമോട്ടർമാർ അമേരിക്കൻ ലോബിയും ജൈവകൃഷിരീതിയുടെ പ്രോമോട്ടർമാർ യൂറോപ്യൻ ലോബിയുമാണെന്ന വിവരം സർക്കാരിനറിവുണ്ടോ ; ഈ രണ്ട് ലോബികളുടെ ബിസിനസ് താല്പര്യങ്ങളുടെ പ്രകടനമാണ് നിലവിലെ തർക്കവിതർക്കങ്ങൾക്ക് അടിസ്ഥാനമെന്നകാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നയത്തിന്റെ അടിസ്ഥാനം വിശദമാക്കുമോ ?

ഉത്തരം

(എ) ശാസ്ത്ര കൗൺസിലിന്റെയും അതിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽനിന്നുമുള്ള ഫീൽഡ് ആപ്ലിക്കേഷൻ ഉള്ള ഗവേഷണ ഫലങ്ങൾ അതാതു വിഷയവുമായി ബന്ധപ്പെട്ട വകുപ്പുകളിലേക്കു കൈമാറ്റംചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly